# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 800** | **11.03.2015- ൽ മറുപടി.**

## മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ പുനർവിന്യാസം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.സി.രവീന്ദ്രനാഥ്<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ പുനർ വിന്യസിച്ചതിന്റെ കാരണവും അതിന് നിശ്ചയിച്ച മാനദണ്ഡവും എന്തായിരുന്നെന്നു വ്യക്തമാക്കുമോ; | (എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ പുനർവിന്യസിച്ചതും അതിനുള്ള മാനദണ്ഡം കണക്കാക്കിയതും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡം അനുസരിച്ചാണ്. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നിലനിർത്തുന്നതിനായി മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ അധികമാണെന്ന് കണ്ടെത്തിയിട്ടുള്ള തസ്തികകളാണ് പുതുതായി ആരംഭിച്ച കോളേജുകളിലേക്ക് പുനർവിന്യാസം നടത്തിയിട്ടുള്ളത്; |
| (ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 350 ഡോക്ടർമാരുടെ ഒഴിവുകളുണ്ടായിരിക്കെ ഡോക്ടർമാരെ പുനർ വിന്യസിക്കുന്നത് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കൂടി കണക്കിലെടുത്താണ് പുനർവിന്യാസം നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി, അവയുൾപ്പെടെയുള്ള സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിൽ യഥാക്രമം 255, 47 തസ്തികകൾ സൃഷ്ടിക്കുകയും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മാനദണ്ഡം അനുസരിച്ച് അംഗീകാരം നിലനിർത്തുന്നതിനുള്ള പുതിയ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ കൂടുതൽ തസ്തികകൾ |

സൃഷ്ടിക്കുന്നതിനുള്ള നടപടികൾ
സ്വീകരിച്ചു വരുന്നു. കൂടുതൽ
തസ്തികകൾ സൃഷ്ടിക്കപ്പെടുന്ന
മുറക്ക് സർക്കാർ മെഡിക്കൽ
കോളേജുകളുടെ പ്രവർത്തനം
കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

സെക്ഷൻ ഓഫീസർ